**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 350** — **06-08-2021 - ൽ മറുപടിയ്ക്ക്**

**ശുചിത്വ തീരം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ് ലെറ്റുകളും ഫലപ്രദമായ മാലിന്യസംസ്കരണ സംവിധാനങ്ങളും മികച്ച ശുചിത്വ ബോധവും പ്രദാനം ചെയ്യുക എന്ന ഉദ്ദേശത്തോടെ ആരംഭിച്ച ശുചിത്വ തീരം പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | സംസ്ഥാനത്തെ മുഴുവൻ മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ശുദ്ധമായ കുടിവെള്ളവും സുരക്ഷിതമായ ടോയ് ലെറ്റുകളും മികച്ച ശുചിത്വ ബോധവും പ്രദാനം ചെയ്യുക എന്ന ഉദ്ദേശ്യത്തോടെ ഫിഷറീസ് വകുപ്പ്, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ വഴി 99.92 കോടി രൂപയുടെ 117 കുടിവെള്ള പദ്ധതികൾ നടപ്പാക്കിയതിൽ 103 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 11.36 കോടി രൂപയുടെ 45 സാനിറ്റേഷൻ പദ്ധതികൾ നടപ്പാക്കിയതിൽ 13 പൊതു ശൗചാലയങ്ങൾ, 893 ഗുണഭോക്താക്കൾക്ക് സ്വന്തമായി ശൗചാലയം നിർമ്മിക്കാൻ സാമ്പത്തിക സഹായം എന്നിവ നൽകുകയും ചെയ്തു. |
| (ബി) | പദ്ധതിയുടെ ഭാഗമായി തീരദേശങ്ങളിൽ നിന്നും ഖരമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ടോ; | (ബി) | തീരദേശത്ത് നിന്നും ഫിഷറീസ് വകുപ്പ് മുഖേന ഖരമാലിന്യങ്ങൾ ശേഖരിക്കുന്നില്ല. എന്നാൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ശുചിത്വസാഗരം പദ്ധതിയിലുൾപ്പെടുത്തി കടലിൽ നിന്നും പ്ലാസ്റ്റിക് മാലിന്യങ്ങൾ ശേഖരിച്ച് ഷ്രഡ്ഡ് ചെയ്ത് പുനരുപയോഗിക്കുന്നുണ്ട് |
| (സി) | ഏതൊക്കെ ഏജൻസികൾ മുഖേനയാണ് ഈ പദ്ധതി നടപ്പാക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | (സി) | സാഫ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്, ശുചിത്വ മിഷൻ, നെറ്റ് ഫിഷ് (MPEDA) എന്നീ വകുപ്പുകളും ഏജൻസികളും വഴിയാണ് ശുചിത്വ സാഗരം പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ചുഴലിക്കാറ്റും മഴയും കടലാക്രമണങ്ങളും ലോക്ക്ഡൗണും മത്സ്യത്തൊഴിലാളികളുടെ ജീവിതം ദുസ്സഹമാക്കിയിരിക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ